# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5169 26.03.2018 ൽ മറുപടിക്ക്

**റസ്റ്റ് ഹൗസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | ശ്രീ.ജി.സുധാകരൻ<br>(ബഹു:പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) റസ്റ്റ് ഹൗസുകളിലെത്തുന്ന അതിഥികളോടുള്ള ജീവനക്കാരുടെ സമീപനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ) റസ്റ്റ് ഹൗസുകളിലെ നിലവിലെ ജീവനക്കാർക്ക് അവരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ആധുനിക കാലഘട്ടത്തിന്റെ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കുവാനും അതിഥി സൽക്കാരം, ഹൗസ് കീപ്പിംഗ്, ശുചിത്വം, കാറ്ററിംഗ് എന്നീ മേഖലകളിൽ പരിശീലനം നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആദ്യഘട്ടമായി കേരള ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുമായി യോജിച്ച് റസ്റ്റ് ഹൗസ് ജീവനക്കാർക്ക് ട്രെയിനിംഗ് നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. കൂടാതെ റസ്റ്റ് ഹൗസ് ജീവനക്കാർ പാലിക്കേണ്ടുന്ന കടമകളെക്കുറിച്ചും കർത്തവ്യങ്ങളെക്കുറിച്ചും കർശനമായ നിർദ്ദേശങ്ങൾ നൽകുകയും ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കൃത്യമായി മേൽനോട്ടം നടത്തുകയും ചെയ്യുന്നുണ്ട്. |
| (ബി) റസ്റ്റ് ഹൗസുകളുടെ പ്രവർത്തനം കൂടുതൽ അതിഥികളെ ആകർഷിക്കുന്ന തരത്തിൽ മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ബി) റസ്റ്റ് ഹൗസുകളുടെ പ്രവർത്തനം കൂടുതൽ അതിഥികളെ ആകർഷിക്കുന്ന തരത്തിൽ ആധുനികവൽക്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ച് കഴിഞ്ഞു. അവയുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1.റസ്റ്റ് ഹൗസുകളെ ക്ലാസ്സ് I (31 എണ്ണം) , ക്ലാസ്സ് II (122 എണ്ണം) വിഭാഗങ്ങളായി തരംതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ക്ലാസ്സ് III ഒഴിവാക്കിയിട്ടുണ്ട്.<br>2.ക്യാന്റീൻ സൗകര്യമുള്ള എല്ലാ റസ്റ്റ് ഹൗസുകളിലും ക്യാന്റീൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>3.ചുറ്റുമതിലില്ലാത്ത വിശ്രമ മന്ദിരങ്ങളിൽ ചുറ്റുമതിലോ അതിർത്തിക്കല്ലുകളോ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ ആരംഭിച്ചു കഴിഞ്ഞു. |

4.വിശ്രമ മന്ദിരങ്ങളുടെ പരിസരവും അകവും വൃത്തിയായി സംരക്ഷിക്കുന്നുണ്ട്.

5.ജീവനക്കാരുടെ ഒഴിവുകളിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും, താൽക്കാലികമായും, ദിവസ വേതന അടിസ്ഥാനത്തിലും ജീവനക്കാരെ നിയമിച്ച് പ്രവർത്തനം നടത്തുന്നുണ്ട്.

6.റസ്റ്റ് ഹൗസുകളിൽ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നുണ്ട്. തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ റസ്റ്റ് ഹൗസിൽ 70 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തൈക്കാട് റസ്റ്റ് ഹൗസിൽ 10 ലക്ഷം രൂപയുടെ പ്രവൃത്തി നടത്തിയിട്ടുണ്ട്. പാലക്കാട് ഡിവിഷനു കീഴിൽ 4 റസ്റ്റ് ഹൗസുകളിൽ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. കാസർഗോഡ് വിശ്രമ കേന്ദ്രത്തിന്റെ സുതാര്യവൽക്കരണവും, കാഞ്ഞങ്ങാട് വിശ്രമകേന്ദ്രത്തിന് പുതിയ കെട്ടിട സമുച്ചയവും പരിഗണനയിലുണ്ട്. ഇടിഞ്ഞ് പൊളിഞ്ഞ് കിടക്കുന്ന കമ്പള റസ്റ്റ് ഹൗസിന് പുതിയ കെട്ടിടത്തിനുള്ള എസ്റ്റിമേറ്റ് പരിശോധനയിലാണ്.

7.റസ്റ്റ് ഹൗസുകളിൽ ഓൺലൈൻ ബുക്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

8.2016-17,2017-18 എന്നീ കാലയളവിൽ നവീകരണ പ്രവൃത്തികൾക്കും പുതിയ നിർമ്മാണത്തിനുമായി 33 പ്രവൃത്തികൾക്ക് 47.16 കോടി രൂപയുടെ ഭരണാനുമതി നൽകുകയും അവയുടെ പ്രവൃത്തികൾ പുരോഗമിച്ച് വരികയുമാണ്.

9.01.01.2018 മുതൽ എല്ലാ റസ്റ്റ് ഹൗസ് ജീവനക്കാർക്കും സർക്കാർ ഗസ്റ്റ് ഹൗസുകളിലെ സമാന തസ്തികകളിലെ ജീവനക്കാരുടേത് പോലെയുള്ള യൂണിഫോം നിർബന്ധമാക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**